GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

25-06-2021

## കാർഷികവാർത്തകൾ

**1. ഏക**

കേരള കാർഷിക സർവകലാശാല ഗ്രോബാഗിലെ പച്ചക്കറി കൃഷിക്കാവശ്യമായ ഉത്പാദന ഉപാധികൾ അടങ്ങിയ ഏക കിറ്റ് പുറത്തിറക്കിയിട്ടുണ്ട്. പത്തു ഗ്രോ ബാഗിലേക്ക് ആവശ്യമായ വളങ്ങളും കീടരോഗ നിയന്ത്രണ ഉപാധികളുമാണ് ഒരു ഏക കിറ്റിൽ ഉള്ളത്. ഒരു ഏക കിറ്റിന്റെ വില 225 രൂപ. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഇനി പറയുന്ന വിവിധ കേന്ദ്രങ്ങളിൽ നിന്നും ഏക കിറ്റ് കർഷകർക്ക് വാങ്ങാവുന്നതാണ്. തിരുവനന്തപുരം ജില്ല വെള്ളായണി കാർഷിക കോളേജ് വിപണനകേന്ദ്രം 0471 2383572, കൊല്ലം ജില്ല കൊട്ടാരക്കര സദാനന്ദപുരത്തുള്ള കൃഷിവിജ്ഞാന കേന്ദ്രം 0471 2663599, ആലപ്പുഴ ജില്ല കായംകുളത്തുള്ള ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 0479 2443404, തൃശൂർ ജില്ല മണ്ണുത്തിയിലുള്ള അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ 0487 2371340, പാലക്കാട് ജില്ല പട്ടാമ്പിയിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 0466 2212228, മലപ്പുറം ജില്ല തവനൂർ കൃഷി വിജ്ഞാന കേന്ദ്രം 0494 2686329, കാർഷിക ഗവേഷണ കേന്ദ്രം ആനക്കയം 0483 2864239, വയനാട് ജില്ല അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രം 04936 260411, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം 04936 260421.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**2. റബ്ബർബോർഡ്കോൾസെന്റർ**

റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഡോ. ആനി ഫിലിപ്പ് ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **04812576622.**

**3. അറിയിപ്പ്**

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറു മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗി-ന്റെ അടിസ്ഥാന യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെപടാവുന്നതാണ്. **9495000930, 9400608493.**

**ഓൺലൈൻ പരിശീലനങ്ങൾ**

4. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്ര**ത്തിൽ ഈ മാസം 30-ന് രാവിലെ 11 മണിമുതൽ **ഫാം ലൈസൻസിംഗ്** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ മുഖേന ഓൺലൈൻ പരിശീലനം

സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 28-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി dtctvm99@gmail.comഎന്ന ഇ-മെയിൽവിലാസത്തിൽ പേര്, മേൽവിലാസം, വാട്ട്സ്ആപ്പ് നമ്പർ എന്നിവഅയച്ച്രജിസ്റ്റർചെയ്യേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **04712440911, 9446559818**

5. **വലിയതുറസ്റ്റേറ്റ്ഫോഡർ** ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷിവികസന പരിശീലന കേന്ദ്ര'ത്തിൽവച്ച് ഈ മാസം 28-ന് **'ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി'** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾമീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽവിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

6. **ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന** കേന്ദ്രത്തിൽ വച്ച് ഇന്ന്(25.06.2021)രാവിലെ 11 മണിമുതൽ ക്ഷീരകർഷകർക്ക് വേണ്ടി **തീറ്റപ്പുൽസംസ്കരണം**എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താത്പര്യമുള്ളവർ ഇന്ന് രാവിലെ 11 മണിക്ക് ഗൂഗിൾ ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണെന്ന് ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0481-2302223.**

7. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച്** ഇന്ന്ക്യാറ്റിൽ ഫാം മാനേജ്മെന്റ്, എന്ന വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ഫിഷറീസ് വകുപ്പ് ജലകൃഷി വികസന ഏജൻസി(അഡാക്ക്) യുടെ എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീന് കുഞ്ഞുങ്ങള് വില്പനയ്ക്ക് തയ്യാറായതായി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു. താത്പര്യമുളളവർക്ക് 0490 2354073 എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ച് വരെ വിൽപനയുണ്ടാകും.

9. റബ്ബർ കൃഷിയിൽ റബ്ബർ ബോർഡ് ഈ മാസം 28 മുതൽ 30 വരെ രാവിലെ 10 മുതൽ 1 മണി വരെ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു.നൂതന നടീൽ വസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗം, കീട -രോഗ നിയന്ത്രണം, ടാപ്പിംഗ്, തുടങ്ങിയവയാണ് ത്രിദിന പരിശീലന പരിപാടിയിലെ വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക്0481-2353127എന്ന ഫോൺ നമ്പറിലോ 7994650941എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

10. കന്നുകാലികൾക്ക് അണു വിമുക്തമായ ശുദ്ധജലം നൽകുവാൻ കർഷകർ ശ്രദ്ധിയ്ക്കുക. മലിനജലത്തിൽ കൂടി രോഗാണു ബാധയുണ്ടാകാൻ സാധ്യതയുണ്ട്.

11. **പത്തനംതിട്ട ജില്ലയിലെ കർഷകർക്കായുള്ള കാർഷികനിർദ്ദേശങ്ങൾ**

- ആദ്യഘട്ട വളപ്രയോഗമായി തെങ്ങൊന്നിന് 723 ഗ്രാം യൂറിയ 925 ഗ്രാം റോക്ക്ഫോസ്ഫേറ്റ് 1113 ഗ്രാം പൊട്ടാഷ് എന്നിവ കൊടുക്കാം.
- നേന്ത്രൻ ഇനത്തിൽ പെട്ട വാഴക്കന്നുകൾ ജൈവവളം അടി വളമായി നൽകിനടാവുന്നതാണ്.
- വെള്ളരി വർഗത്തിലുള്ളപച്ചക്കറികളിൽ മൃദുരോമപൂപ്പ് കാണാൻ സാധ്യതയുണ്ട്. ഇളം മഞ്ഞ നിറത്തിലുള്ള പുള്ളികൾ ഇലകളിൽ കാണുകയും ഇലകൾ കരിഞ്ഞുണങ്ങുകയും ചെയ്യും. രോഗം ബാധിച്ച ഇലകൾ നശിപ്പിക്കുകയും മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ മൂന്നു ഗ്രാം എന്ന അളവിൽ ലയിപ്പിച്ചത് തളിക്കുകയും ചെയ്യണം.